**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2113

17/6/2014-ൽ മറുപടിയ്ക്ക്

## ഖാദി ഗ്രാമ വ്യവസായ ബോർഡ് മുഖേനയുള്ള തൊഴിലവസരങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. രാജു എബ്രഹാം** | | **ശ്രീ.സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പ് മന്ത്രി )** |
| (എ) ഗ്രാമീണ മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഖാദി ഗ്രാമ വ്യവസായ വകുപ്പ് ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കിവരുന്നത്;വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br><br>(ബി) ചെറുകിട വ്യവസായ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനായി ഖാദി ഗ്രാമ വ്യവസായ ബോർഡ് മുഖേന ഏതൊക്കെ പദ്ധതികൾക്ക് എത്ര തുക വീതം അനുവദിക്കാറുണ്ട്; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ)<br>&<br>(ബി) | ഗ്രാമീണ മേഖലയിലെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി രണ്ട് തൊഴിൽദാന പദ്ധതികൾ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായ "പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതിയും (PMEGP)" "സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പരിപാടി അഥവാ എന്റെ ഗ്രാമം പദ്ധതിയും." ഈ രണ്ടു പദ്ധതികളിലും ധാരാളം സംരംഭകർ കടന്നു വരുന്നുണ്ട്.<br><br>കേന്ദ്ര ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെ പദ്ധതിയായ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP) അനുസരിച്ച് ഗ്രാമ പ്രദേശങ്ങളിൽ മുന്നോക്ക വിഭാഗത്തിലെ പുരുഷൻമാർക്ക് പദ്ധതിച്ചെലവിന്റെ 25% സബ്സിഡി അനുവദിക്കും. പട്ടിക വിഭാഗങ്ങൾ,മറ്റ് പിന്നോക്ക വിഭാഗങ്ങൾ മതന്യൂന പക്ഷ വിഭാഗങ്ങൾ വികലാംഗർ, മിലിട്ടറി സേവനത്തിൽ നിന്ന് പിരിഞ്ഞവർ, സ്ത്രീകൾ. തുടങ്ങിയ പ്രത്യേക വിഭാഗങ്ങൾക്ക് പദ്ധതി ച്ചെലവിന്റെ 35% വരെ മാർജിൻ മണി ഗ്രാന്റായി നൽകുന്നതാണ്. 25 ലക്ഷം രൂപ വരെ ബാങ്ക് വായ്പ ലഭിക്കുന്നതാണ്. സംരംഭകർക്ക് 5% മുതൽ 10% വരെ സ്വന്തം മുതൽ മുടക്കായി പദ്ധതിയിൽ നിക്ഷേപിക്കണം. |

സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പദ്ധതി അനുസരിച്ച് ജനറൽ വിഭാഗങ്ങളിൽ പെട്ടവർക്ക് പദ്ധതി തുകയുടെ 25% വരെയും പിന്നോക്ക വിഭാഗക്കാർക്കും വനിതകൾക്കും 30% വരെയും പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് 40% വരെയും മാർജിൻമണി ഗ്രാന്റായി നൽകുന്നു. 5 ലക്ഷം രൂപവരെ ബാങ്ക് വായ്പ ലഭിക്കുന്നതാണ്. സംരംഭകർ 5% മുതൽ 10% വരെ സ്വന്തം മുതൽ മുടക്കായി പദ്ധതിയിൽ നിക്ഷേപിക്കണം.

Anandan

സെക്ഷൻ ഓഫീസർ